## കേരള സർക്കാർ
## ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്



# വൈദ്യുത സുരക്ഷാ വാരാചരണം 2022

2022
ജൂൺ 26
മുതൽ
ജൂലൈ 2
വരെ

28.06.2022 ഉച്ചയ്ക്ക് 2.30 ന്

ഉദ്ഘാടനം : **ശ്രീ.കെ.കൃഷ്ണൻകുട്ടി**
ബഹു. വൈദ്യുതി വകുപ്പ് മന്ത്രി

സംസ്ഥാന സർക്കാരിന്റെ നിശ്ചയ ദാർഢ്യത്തോടെയുള്ള പ്രയത്നത്തിന്റെ ഫലമായി സമ്പൂർണ്ണ വൈദ്യുതീകരണം കേരളത്തിൽ നടപ്പാക്കി. ഇതോടൊപ്പം തന്നെ അപകടരഹിത വൈദ്യുത മേഖല എന്ന ലക്ഷ്യത്തിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. ദേശവ്യാപകമായി എല്ലാ വർഷവും ജൂൺ 26 മുതൽ ഒരാഴ്ച വരെ വൈദ്യുത സുരക്ഷാ വാരമായി ആചരിച്ചുവരുകയാണ്. ഈ വർഷത്തെ സുരക്ഷാ മുദ്രാവാക്യം 'Avoid loose wires - prevent electric fires' എന്നാണ്. അശ്രദ്ധ, അലംഭാവം, അവബോധമില്ലായ്മ എന്നിവയാണ് മിക്ക അപകടങ്ങളുടെയും കാരണം. കൂടാതെ, ഇരുമ്പ്കൊണ്ടുള്ള ഏണി, തോട്ടി മുതലായവ കാരണമുള്ള അപകട മരണങ്ങളും വർദ്ധിച്ചുവരികയാണ്. പൊതുജനങ്ങളിൽ അവ ബോധം സൃഷ്ടിക്കുക എന്നതാണ് ഇത്തരത്തിലുള്ള വൈദ്യുത അപകട ങ്ങൾ കുറയ്ക്കാനുള്ള പ്രധാന പോംവഴി. ആയതിനാൽ അപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന വ്യാപകമായി സുര ക്ഷാ വാരാചരണത്തോടനുബന്ധിച്ച് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് കെ.എസ്.ഇ.ബി.എൽ - നോടൊപ്പം ചേർന്ന് സംയുക്തമായി ബോധ വൽക്കരണ പരിപാടികളും സേഫ്റ്റി ഓഡിറ്റും സംഘടിപ്പിച്ചുവരുന്നു. ആയതിന്റെ ആദ്യപടിയായി എറണാകുളം ജില്ലയിൽ എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ നാഷണൽ സേഫ്റ്റി കൗൺസിൽ കേരള ചാപ്റ്ററും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും സംയുക്തമായി കുസാറ്റ്/**TOC H** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ സഹായത്തോടെ സേഫ്റ്റി ഓഡിറ്റ് സംഘടിപ്പിക്കുന്നു.

ഈ രണ്ടു കർമ്മപരിപാടികളുടെയും ഉദ്ഘാടനം ബഹുമാനപ്പെട്ട വൈദ്യുത വകുപ്പ് മന്ത്രി **ശ്രീ. കെ.കൃഷ്ണൻകുട്ടി** 2022 ജൂൺ മാസം 28-ാം തീയതി ഉച്ചയ്ക്ക് 2.30ന് ഓൺലൈനായി നിർവ്വഹിക്കുന്നു. പ്രസ്തുത ചടങ്ങിലേക്ക് താങ്കളെ സാദരം ക്ഷണിച്ചുകൊള്ളുന്നു.

സ്നേഹാദരങ്ങളോടെ,

തിരുവനന്തപുരം
25.06.2022

വി.സി. അനിൽകുമാർ
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

## കാര്യപരിപാടികൾ

**28.06.2022, ചൊവ്വ ഉച്ചയ്ക്ക് 2.30 മണി**

| | | |
|---|---|---|
| സ്വാഗതം | : | **ശ്രീ. വി.സി അനിൽകുമാർ**<br>ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ |
| അദ്ധ്യക്ഷൻ | : | **ശ്രീ. രാജേഷ് കുമാർ സിൻഹ IAS**<br>പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ് |
| ഉദ്ഘാടനം | : | **ശ്രീ. കെ.കൃഷ്ണൻകുട്ടി**<br>ബഹു. വൈദ്യുതി വകുപ്പ് മന്ത്രി |
| മുഖ്യ പ്രഭാഷണം | : | **ഡോ.ബി.അശോക് IAS**<br>(ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി.എൽ) |
| ആശംസകൾ | : | **ശ്രീ. നരേന്ദ്രനാഥ് വെലൂരി IFS**<br>(സി.ഇ.ഒ. അനർട്ട്)<br>**ഡോ. ആർ.ഹരികുമാർ**<br>(ഡയറക്ടർ, ഇ.എം.സി)<br>**ശ്രീ. പി.പ്രമോദ്**<br>(ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് & ചെയർമാൻ, നാഷണൽ സേഫ്റ്റി കൗൺസിൽ - കേരള ചാപ്റ്റർ) |
| കൃതജ്ഞത | : | **ശ്രീ. സുരേന്ദ്ര.പി**<br>(ചീഫ് എഞ്ചിനീയർ SCM & ചീഫ് സേഫ്റ്റി കമ്മീഷണർ, കെ.എസ്.ഇ.ബി.എൽ) |
| തുടർന്ന് | : | **"ഇലക്ട്രിക്കൽ സേഫ്റ്റി"**<br>എന്ന വിഷയത്തിൽ വിദഗ്ദ്ധർ നയിക്കുന്ന<br>**വെബിനാർ.** |

### കാര്യപരിപാടിയുടെ ഓൺലൈൻ മീറ്റിംഗ് ലിങ്ക് ചുവടെ ചേർക്കുന്നു.

https://us02web.zoom.us/j/82049052878?
pwd=0AGznoo3aAYo3K8hy7ARA_hD1TJqG7.1

# വൈദ്യുത ഉപഭോക്താക്കളുടെ ശ്രദ്ധയ്ക്ക്



വൈദ്യുത ലൈനുകൾക്ക് സമീപം നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും ഇരുമ്പുതോട്ടിപോലുള്ള സാധന സാമഗ്രികൾ ഉപയോഗിച്ച് കായ്കളും മറ്റും അടർത്തുവാൻ ശ്രമിക്കരുത്.

**വൈദ്യുത സുരക്ഷാനടപടികൾ പാലിക്കുക**

**അപകടം ഒഴിവാക്കുക**

KSEB
കേരളത്തിന്റെ ഊർജ്ജം

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

GREEN TRIANGLE FOR SAFETY

ANERT

emc KERALA